# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## ജി എഫ് എൽ പി എസ് പള്ളിപ്രം

GFLPS PALLIPRAM
KAZHIMBROM PO-680568, THRISSUR-KERALA
PH: 0480- 2838565
E-mail: gflpspallipram@gmail.com

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 2026

## ആമുഖം

തൃശ്ശൂർ ജില്ലയിലെ വലപ്പാട് പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ഗവൺമെന്റ് ഫിഷറീസ് എൽ പി സ്കൂൾ പള്ളിപ്രം . ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകൾ ആണ് ഈ വിദ്യാലയത്തിൽ ഉള്ളത്. 1942 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. തീരദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടാണ് ഈ വിദ്യാലയം സ്ഥാപിതമായിട്ടുള്ളത്. പാഠ്യ -പാഠ്യ ഇതര പ്രവർത്തനങ്ങളിൽ മികവ് പ്രകടിപ്പിച്ചുകൊണ്ട് നമ്മുടെ വിദ്യാലയം മുന്നേറിക്കൊണ്ടിരിക്കുകയാണ് .

## ലക്ഷ്യം

2025- 26 അധ്യായന വർഷം വിദ്യാലയത്തെ അക്കാദമികവും ഭൗതികവുമായി വളർത്തുക.സമൂഹവുമായി ബന്ധപ്പെടുത്തിക്കൊണ്ട് സ്കൂളിന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുക. വിദ്യാർത്ഥികളെ സമൂഹത്തിന്റെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ സജ്ജമാക്കുക. അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടി ശ്രദ്ധയൂന്നി കൊണ്ടുള്ള പ്രവർത്തനങ്ങൾ ഓരോ അധ്യാപകരെയും ചുമതല ഏൽപ്പിച്ചുകൊണ്ട് നടപ്പിലാക്കുകയാണ് ചെയ്തുവരുന്നത്.

### അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ

ഓരോ മാസവും യൂണിറ്റ് ടെസ്റ്റുകൾ നടത്തി കുട്ടികളുടെ പഠന പുരോഗതി മനസ്സിലാക്കി രക്ഷിതാക്കളുമായി ചർച്ച നടത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. സ്കീം ഓഫ് വർക്ക് അനുസരിച്ച് പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുക.കൂടുതൽ ഐസിടി

അനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുക.അനുഭവങ്ങളിലൂടെയുള്ള പഠനം സാധ്യമാകുന്നതിനായി ഫീൽഡ് ട്രിപ്പുകൾ , അഭിമുഖ സംഭാഷണങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കൽ എന്നി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ടാലൻഡഡ് ആയിട്ടുള്ള രക്ഷിതാക്കളുടെ സേവനം കുട്ടികളുടെ പഠനപ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു .കുട്ടികളുടെ നോട്ടുപുസ്തകങ്ങൾ ക്ലാസ് അധ്യാപകർ പരിശോധിക്കുന്നതിനോടൊപ്പം തന്നെ എച്ച് എം കൂടി പരിശോധിക്കുന്നു. പഠന പുരോഗതി രേഖ എന്ന നിലയിൽ പുസ്തകങ്ങളെ വിലയിരുത്തുന്നു.

## വായന വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

എല്ലാ കുട്ടികൾക്കും സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ ലഭ്യമാക്കിക്കൊണ്ട് വായന പ്രവർത്തനങ്ങൾ നടത്തുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ കുട്ടികളെ കൊണ്ട് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു . ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് വായനാ കാർഡുകൾ നൽകിവരുന്നു. സ്വയം വായന കാർഡുകൾ തയ്യാറാക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചു നൽകുന്നു. അമ്മമാർക്കുള്ള വായനാ പ്രവർത്തനങ്ങൾ, വായനാ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. കുട്ടികളുടെ വായന വിപുലമാക്കായി സ്കൂളിനടുത്തുള്ള ലൈബ്രറിയിൽ കുട്ടികൾക്ക് അംഗത്വം ലഭ്യമാക്കുന്നു . ലൈബ്രറി പ്രവർത്തനങ്ങളിൽ സ്കൂളും പങ്കുചേരുന്നു .കൂടാതെ കുട്ടികളുടെ മികച്ച രചനകൾ സർഗാത്മക, ഡയറി എന്നിവ പ്രകാശനം പ്രകാശനം ചെയ്യുന്നു

## സമൂഹമാധ്യമങ്ങൾ വിദ്യാലയ മേന്മയ്ക്ക്

വിദ്യാലയത്തിൽ നടക്കുന്ന ദിനാചരണങ്ങളുടെ പൊതുപരിപാടികളുടെ ന്യൂസ് ,ലഘു വീഡിയോകൾ തയ്യാറാക്കി ക്ലാസ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുന്നു.

യൂട്യൂബിൽ അപ്ലോഡ് ചെയ്യുന്നു രക്ഷിതാക്കളുടെയും കുട്ടികളുടെയും ആശയങ്ങൾ കൂടി ഇതിൽ ഉൾക്കൊള്ളുന്നു. ദിനാചരണങ്ങളുടെ ഭാഗമായി മൂല്യബോധമുള്ള നല്ല സിനിമകൾ കുട്ടികൾക്കായി പ്രദർശനം നടത്തുന്നു.

## ആരോഗ്യമുള്ള മനസ്സും ശരീരവും

കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും അച്ചടക്കവും മുൻനിർത്തി വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ സമ്പൂർണ്ണ കരാട്ടെ പരിശീലനം നടത്തിവരുന്നു. വിദ്യാലയത്തിലെ എല്ലാ കുട്ടികളും (കെ ജി മുതൽ അഞ്ചാം ക്ലാസ് വരെ) കരാട്ടെ അഭ്യസിക്കുന്നു. വർഷം രണ്ട് ഗ്രേഡിങ്ങും നടത്തിവരുന്നു. കുട്ടികളുടെ കലാ കായിക പ്രവർത്തി പരിചയ മികവുകൾ കണ്ടെത്തി അവരെ പരിശീലിപ്പിച്ചു വരുന്നു .അതിനായി ഓരോ അധ്യാപകരെ ചുമതലകൾ ഏൽപ്പിക്കുന്നു.

## സ്കൂളിലെ സാമൂഹിക അവബോധ പ്രവർത്തനങ്ങൾ

നമ്മുടെ തീരം: സ്കൂളിന് തൊട്ടടുത്തുള്ള കടൽത്തീരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനായി മാസത്തിൽ ഒരുതവണ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമാക്കി കൊണ്ടിരിക്കുന്നു.

## ഇംഗ്ലീഷ് എംപവർമെന്റ് പ്രോഗ്രാം

കുട്ടികളുടെ ഇംഗ്ലീഷ് ലാംഗ്വേജ് മെച്ചപ്പെടുത്തുന്നതിനായി , കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ഇംഗ്ലീഷിൽ തന്നെ ഇന്ററാക്ഷൻ നടത്തുന്നു. സി ആർ സി സി കോഡിനേറ്ററുടെ സഹായത്തോടെ ഒരു ഇംഗ്ലീഷ് എംപവർമെന്റ് പ്രോഗ്രാം ആസൂത്രണം ചെയ്ത് നടത്തിവരുന്നു.

## സ്കൂളിലെ ജനാധിപത്യവൽക്കരണം

സ്കൂളിലക്ഷൻ തികച്ചും ജനാധിപത്യ മാതൃകയിൽ നടത്തി .സമ്മതി പോർട്ടൽ ഉപയോഗിച്ച് കുട്ടികൾക്ക് ഇലക്ഷൻ

നടത്താനുള്ള അവസരം ഉണ്ടാക്കി. കുട്ടികൾക്ക് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഭയരഹിതമായി അറിയിക്കാനുള്ള അവസരം ഉണ്ട്.

## പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവർക്ക് വായനാ പ്രവർത്തനങ്ങൾ, എഴുത്തു പ്രവർത്തനങ്ങൾ, സംഖ്യാബോധം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. അതിനായി അതാതു ക്ലാസ് ടീച്ചർമാർ പ്രത്യേക സമയം കണ്ടെത്തുന്നുണ്ട്. കൂടാതെ സ്കൂളിലുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠന പ്രവർത്തനങ്ങൾ അനുരൂപീകരണം നൽകി പഠിപ്പിച്ചു വരുന്നു. നിത്യവും സ്കൂളിൽ വരാൻ കഴിയാത്ത കുട്ടികൾക്ക് അവരുടെ വീട്ടിൽ ചെന്ന് വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്.

**ദിനാചരണ പ്രവർത്തനങ്ങൾ** എല്ലാം തന്നെ രക്ഷിതാക്കളെയും സമൂഹത്തെയും ബന്ധപ്പെടുത്തി തന്നെ നടത്തിവരുന്നു. അതാതു മാസത്തെ പ്രവർത്തനങ്ങൾ ഓരോ മാസത്തെയും ചുമതലയുള്ള അധ്യാപകർ നേതൃത്വം നൽകി ഭംഗിയായി നടത്തിവരുന്നു. ഡോക്യുമെന്റേഷനും ചെയ്യുന്നു.

## മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ , പിടിഎ- എം പി ടി എ അംഗങ്ങൾ , സുരക്ഷാ സമിതി അംഗങ്ങൾ എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. സ്കൂളിലെ ഉച്ചഭക്ഷണം അടക്കമുള്ള കാര്യങ്ങൾ മോണിറ്റർ ചെയ്തു വരുന്നു. വേണ്ട നിർദ്ദേശങ്ങൾ നൽകി മെച്ചപ്പെടുത്തലുകൾ നടത്തിവരുന്നു .

പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ധനസഹായം കൂടാതെ വേണ്ടിവരുന്ന പ്രവർത്തനങ്ങൾക്ക് അധ്യാപകർ ഒരു ഫണ്ട് രൂപീകരിച്ച് സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു വരുന്നു.

വിദ്യാർത്ഥികളെ സമൂഹത്തിന് നന്മ ചെയ്യും വിധം പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനുള്ള തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനുമുതകും തരത്തിലുള്ള ഭയരഹിതമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ ഈ മാസ്റ്റർ പ്ലാനിൽ പറഞ്ഞ ലക്ഷ്യങ്ങളെല്ലാം പൂർത്തിയാക്കാൻ കഴിയുമെന്ന് തന്നെ പ്രത്യാശിക്കുന്നു.